# Remedial Class Tuition for B.Tech Students

B.Tech കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ കൊഴിഞ്ഞുപോക്കു തടയുന്നതിനും, തോറ്റ പേപ്പറുകൾ വീണ്ടും എഴുതുന്നതിനും ആവശ്യമായ റെമഡിയൻ ക്ലാസ്സ് ട്യൂഷൻ നടത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് പദ്ധതി തയ്യാറാക്കുന്നു.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ ഓരോ സെമസ്റ്ററുകളിലും പരാജയപ്പെട്ടവർക്ക് പ്രത്യേക റെമഡിയൻ ക്ലാസ് ട്യൂഷൻ നടത്തി പരീക്ഷയിൽ വിജയിക്കുന്നതിന് പ്രാപ്തരാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി ഓരോ വിഷയത്തിലും പ്രഗല്ഭരായ അദ്ധ്യാപകരുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര/പ്രൈവറ്റ് സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതാണ്. ഇത്തരത്തിലുള്ള വിദ്യാർത്ഥികളെ സ്ഥാപന മേധാവിയുടെ സഹായത്തോടെ വകുപ്പിലെ പട്ടികജാതി വികസന ഓഫീസർ കണ്ടെത്തുന്നതുമാണ്. റെമഡിയൻ ക്ലാസ് കാലയളവിൽ വിദ്യാർത്ഥികൾക്ക് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. സാധാരണ പഠന സമയത്തിനു പുറത്തും, ശനി, ഞായർ തുടങ്ങിയ അവധി ദിവസങ്ങളിലുമായിരിക്കും ക്ലാസ്സുകൾ നടത്തുന്നത്. റെമഡിയൻ കോച്ചിംഗിലെ പ്രയോജനം വിലയിരുത്തി പരീക്ഷയിൽ കൂടുതൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ഇൻസെന്റീവും നൽകുന്നതാണ്.

ബി.ടെക് കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പരാജിതരായവരും പഠനം നിർത്തിയവരുമായ വിദ്യാർത്ഥികളിൽ മുൻവർഷങ്ങളിലെ പേപ്പറുകൾ വീണ്ടും എഴുതി പാസ്സാകുന്നതിനും ഈ പദ്ധതി പ്രകാരം പരിഗണിക്കുന്നതും, ഇവർക്ക് ബി.ടെക് ഡിഗ്രി ലഭിക്കുന്നതീനായി എല്ലാ പേപ്പറുകളിലും വിജയം ഉറപ്പാക്കുന്നതിനും റെമെഡിയൻ ക്ലാസ്സ്/ Tution വഴി കഴിയും എന്നു വകുപ്പ് കണക്കാക്കുന്നു.

ഇത്തരം റെമഡിയൽ/ട്യൂഷൻ കോഴ്സുകൾ നടത്തി പരിചയമുള്ള വ്യക്തികളിൽ നിന്നോ, സർക്കാർ/സർക്കാതിര, പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നോ, താല്പര്യപത്രം ക്ഷണിയ്ക്കുന്നു. താല്പര്യപത്രത്തിൽ ഇത്തരം കോഴ്സ് നടത്തുന്നതിനാവശ്യമായ സ്ഥാപനം/സ്ഥലം ലഭ്യമാണോ എന്നും, കോച്ചിംഗ് നൽകുന്നതിന് വിദഗ്ദരായ ഫാക്കൽറ്റി ഉണ്ടോ എന്നും വ്യക്തമാക്കണം. ഒരു വിദ്യാർത്ഥിക്ക് ഒരു പേപ്പറിന് എത്ര തുക വേണ്ടി വരും എന്നും, എത്ര കാലയളവിൽ കോച്ചിംഗ് ക്ലാസ് വേണ്ടി വരുമെന്നും രേഖപ്പെടുത്തേണ്ടതാണ്.

താല്പര്യമുള്ളവർ Expression of interest 15-10-2017 നകം നൽകേണ്ടതാണ്.

ഡയറക്ടർക്കുവേണ്ടി
അഡീഷണൽ ഡയറക്ടർ

SU 18.04.2017